# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *439** — **15.11.2019 -ലെ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ യശസ്സിനെ ബാധിച്ച വിഷയങ്ങൾ**

ചോദ്യം

ശ്രീ. പി.ടി. തോമസ്
ശ്രീ. വി.ഡി.സതീശൻ
ശ്രീ. എം. വിൻസെന്റ്

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈയിടെയുണ്ടായ മാർക്ക് ദാനം, പരീക്ഷാത്തട്ടിപ്പ് തുടങ്ങിയ വിവാദങ്ങൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ യശസ്സിനെ കാര്യമായി ബാധിച്ചു എന്നത് വസ്തുതയല്ലേ എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | മഹാത്മാഗാന്ധി സർവ്വകലാശാല 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തിരുന്നു. സിൻഡിക്കേറ്റ് ഉത്തമ വിശ്വാസത്തോടുകൂടി ബി.ടെക് വിദ്യാർത്ഥികളുടെ വൈഷമ്യങ്ങൾക്ക് ഒരു പരിഹാരമെന്ന നിലയിൽ എടുത്ത തീരുമാനത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ ഉണ്ടായി. അടിസ്ഥാന രഹിതവും, ദുരുദ്ദേശപരവുമായ വിവാദം ഉയർത്തി സർവകലാശാലയുടെ യശസ്സിനേയും, കൈവരിച്ച നേട്ടങ്ങളേയും കളങ്കപ്പെടുത്തുന്ന സാഹചര്യവുമുണ്ടായി. ഇതേത്തുടർന്ന് വസ്തുതകൾക്ക് വിരുദ്ധമായി സമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ പ്രചരിപ്പിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ സർവകലാശാല 2019 ഏപ്രിൽ 30-ന് എടുത്ത നയപരമായ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു. പൊതുസമൂഹത്തിനു മുമ്പിൽ സർവകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ പോലും വരാതിരിക്കുവാനായിരുന്നു ഈ നടപടി.<br>യൂണിവേഴ്സിറ്റി കോളേജിലുണ്ടായ ഒറ്റപ്പെട്ട സംഭവത്തെ മുൻനിർത്തി കൂടുതൽ കാര്യക്ഷമമായി പരീക്ഷകൾ നടത്തുന്നതിനുള്ള നിർദ്ദേശം കേരള സർവ്വകലാശാല, കോളേജ് |
| (ബി) | എം.ജി. യൂണിവേഴ്സിറ്റി മാർക്ക് ദാന വിവാദവും കേരള യൂണിവേഴ്സിറ്റി പരീക്ഷയുടെ ഉത്തരക്കടലാസ്സും സീലും യൂണിവേഴ്സിറ്റി കോളേജിലെ കുത്ത് കേസ് പ്രതിയുടെ വീട്ടിൽ നിന്നും കണ്ടെടുത്തതും യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യത യെത്തന്നെ ചോദ്യം ചെയ്യുന്ന അവസ്ഥ സംജാതമാക്കിയിട്ടില്ലേ എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പാൾമാർക്ക് നൽകിയിട്ടുണ്ട്. ടി സംഭവങ്ങളെത്തുടർന്ന് സൃഷ്ടിക്കപ്പെട്ട വിവാദങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയുടെ യശസ്സിനെയോ യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യതയോ ബാധിക്കുന്നതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ.